# കേരളസംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ബഹു.ചെയർപേഴ്സൺ

എച്ച്.ആർ.എം.പി. നമ്പർ : 8650/11/12/2024/TVM

പരാതികക്ഷി ജെ.വിൻസന്റ്
വള്ളക്കോട്ടുകോണത്ത് വരിക്കാമാംവിള
നട്ടൂർക്കൊല്ല, കൊല്ലയിൽ പകുതി
തിരുവനന്തപുരം

എതിർകക്ഷി

**ഉത്തരവ് തീയതി : 07. 04. 2025**

അയൽക്കാരിയായ സൽമയുടെ വസ്തുവിൽ നിൽക്കുന്ന വൃക്ഷ ലതാദികൾ വളർന്ന് വയോധികനായ ഹർജിക്കാരന്റെ വീട്ടിലേക്ക് ചരിഞ്ഞ് ഹർജിക്കാരന്റെയും കുടുംബാംഗങ്ങളുടെയും ജീവനും സ്വത്തിനും ഭീഷണിയായി നിൽക്കുന്നുവെന്നും അപകട ഭീഷണി ഒഴിവാക്കാൻ കൊല്ലയിൽ ഗ്രാമ പഞ്ചായത്ത് നടപടി സ്വീകരിക്കുന്നില്ലെന്നുമാണ് പരാതി.

2. ഈ പരാതിയിൽ കൊല്ലയിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച 07.02.2025 ലെ റിപ്പോർട്ടിൽ പറയുന്നത് ഹർജിക്കാരന്റെ അയൽ പുരയിട ഉടമയായ സൽമക്ക് 27.08.2024, 23.09.2024 തീയതികളിൽ നോട്ടീസ് നൽകിയെന്നും ഒരാഴ്ചക്കകം തന്നെ അപകടാവസ്ഥയിലുള്ള അക്കേഷ്യമരം മുറിച്ചുമാറ്റാമെന്നും തെങ്ങ് വലിച്ചു കെട്ടുകയും മൂന്ന് മരങ്ങളുടെ ശിഖരങ്ങൾ മുറിച്ചുമാറ്റി പരാതി പരിഹരിക്കുന്നതാണെന്നും സൽമ അറിയിച്ചുവെന്നുമാണ്.

3. പരാതിക്ക് ഒരു പരിഹാരവും ആയിട്ടില്ലെന്ന് രേഖപ്പെടുത്തി ഇന്ന് കമ്മീഷൻ മുമ്പാകെ ഹാജരായ ഹർജിക്കാരൻ 07.04.2025 ലെ രേഖാമൂലം ആക്ഷേപം ഫയൽ ചെയ്തു.

4. പഞ്ചായത്ത് കൊടുത്ത നോട്ടീസ് പ്രകാരം തുടർനടപടികൾ സ്വീകരിച്ച് പ്രശ്നം പരിഹരിക്കാനുള്ള ബാധ്യത ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കുണ്ട്. നാളിതുവരെ മരങ്ങൾ മുറിച്ചു മാറ്റി അപകടാവസ്ഥ ഒഴിവാക്കിയിട്ടില്ലെങ്കിൽ Kerala Panchayath Raj Act Section 238 പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് ഉടൻ തന്നെ പരാതി പരിഹരിക്കണമെന്ന് കൊല്ലയിൽ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയോട് നിർദ്ദേശിച്ചുകൊണ്ട് ഈ പരാതി കമ്മീഷൻ തീർപ്പാക്കുന്നു. ഹർജിക്കാരനും കൊല്ലയിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കും ഈ ഉത്തരവിന്റെ പകർപ്പ് അയക്കുക.

ഒപ്പ്
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

//ശരിപ്പകർപ്പ്//

രജിസ്ട്രാർ